**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 170** **05-02-2026 - ൽ മറുപടിയ്ക്ക്**

**ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിനായി ഭൂമി ഏറ്റെടുക്കാനുള്ള വിജ്ഞാപനവും അനുബന്ധ റിപ്പോർട്ടുകളും ഹൈക്കോടതി റദ്ദാക്കിയ കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഭാവിവികസനത്തിന് ഇത്രയേറെ ഭൂമി വേണ്ടിവരുമെന്ന കാര്യം കോടതിയെ ബോധ്യപ്പെടുത്തുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | വീഴ്ച ഉണ്ടായിട്ടില്ല. |
| (സി) | ശബരിമല വിമാനത്താവളം സാധ്യമാക്കാൻ എന്തെല്ലാം തുടർനടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിക്ക് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൽ നിന്ന് സൈറ്റ് ക്ലിയറൻസും, കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിൽ നിന്ന് ഡിഫൻസ് ക്ലിയറൻസും, കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ നിന്ന് സുരക്ഷാ അനുമതിയും ഇതിനകം തന്നെ ലഭിച്ചിട്ടുണ്ട്. കൂടാതെ, പദ്ധതിയുടെ തത്വത്തിലുള്ള അംഗീകാരത്തിനുള്ള അപേക്ഷ, ഡി.പി.ആർ സഹിതം കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ സജീവ പരിഗണനയിലാണ്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അനുവദിച്ച നിബന്ധനകൾക്കനുസൃതമായി പാരിസ്ഥിതികാനുമതിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.<br><br>ഭൂമി ഏറ്റെടുക്കലിനെതിരെ സമർപ്പിച്ച WP(C)No.18326/2025-യിന്മേലുള്ള 19.12.2025 ലെ ബഹു. ഹൈക്കോടതി വിധിന്യായത്തിനെതിരെ സർക്കാർ സമർപ്പിച്ച അപ്പീൽ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ